# വിപശ്യന പത്രിക

*വിപശ്യന പത്രിക സയാജി ഊ ബാ ഖിൻൻറെ പരമ്പരയ്ക്കനുസരിച്ച്*

**Vol . 8, No. 9 : സപ്തംബർ 2016** വിപസ്സന റിസർച്ച് ഇൻസ്ററിറ്റ്യൂട്

മലയാളം മാസ പത്രിക ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര

### *ധർമ്മ വാണി*

*സദാചരൺ ഹീ ധർമ്മ ഹൈ,*
*ദുരാചരൺ ഹീ പാപ്.*
*സദാചരൺ സെ സുഖ ജഗെ,*
*ദുരാചരൺ ദുഖതാപ്.*

സദാചരണം തന്നെയാണ് ധർമ്മം,
ദുരാചരണം പാപവും.
സദാചരണം സുഖം ഉത്പാദിപ്പിക്കും,
ദുരാചരണം ദുഖം, സന്താപവും.

— **എസ. എൻ. ഗോയങ്ക**

# സുഖിയായ ഗൃഹസ്ഥൻ – സദ്ഗൃഹസ്ഥൻ –2

**എസ. എൻ. ഗോയങ്ക**

തുടർന്ന്....ഇങ്ങനെ ശ്രദ്ധാ, ശീലം, ദാനം, പജ്ഞ കൊണ്ട് സദ്ഗൃഹസ്ഥൻ തൻറെ നാലു ലോകീയമായ അഭിലാശകളെ എളുപ്പം പൂർത്തീക രിക്കുന്നു, ദുർലഭം സുലഭമാകുന്നു.

ഇത്തരം ആര്യ സദ്ഗൃഹസ്ഥർ ഉത്സാഹത്തോടെ, സത്പ്രയത്നത്തോടെ, ബാഹുബലത്തോടെ, വിയർപ്പൊഴുക്കി, ധർമ്മമനുസരിച്ച് സമ്പത്ത് ആർജ്ജിക്കുമ്പോൾ അതിനെ നാലു പ്രകാരത്തിൽ മാത്രമെ ഉപയോഗിക്കുള്ളു. തൻറെ നാലു കർതവ്യങ്ങളെ പുർത്തിയാക്കുന്നു –

1- ആര്യ ശിഷ്യൻ ആ സമ്പത്ത് തൻറെ സ്വന്തം ജീവിതാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. സ്വയത്തെ സ്വസ്ഥനും, സബലനും ആക്കി വെക്കുന്നു. ശരിയായ(സമ്യക്) രീതിയിൽ സുഖിയായി വെക്കുന്നു. ധർമ്മപൂർവ്വം സുഖിയായി വെക്കുന്നു. തൻറെ അച്ഛൻ–അമ്മ, ഭാര്യാ, പുത്രൻ, സ്വജന–പരിജനന്മാരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. വേലക്കാർ, ദാസീ–ദാസന്മാർ, ബന്ധു, മിത്ര–സുഹൃത്തുമാരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. അവരെല്ലാവരേയും സ്വസ്ഥവും, സബലവും ആക്കുന്നു.അവരെ ശരിയായ രീതിയിൽ സുഖിയായി വെക്കുന്നു. ധർമ്മപൂർവ്വം സുഖിയായി വെക്കുന്നു. പ്രാപ്തമായ സമൃദ്ധി–സൌകര്യങ്ങളുടെ ശരിയായ പരിഭോഗം ചെയ്യുന്നു. പ്രവർത്തിരംഗത്തിൽ ഇത് അവരുടെ ആദ്യത്തെ കർതവ്യമാണ് – അതിനെ അവർ പുർത്തിയാക്കുന്നു.

2- ആര്യ ശിഷ്യൻ ശ്രമപൂർവ്വം ധർമ്മപൂർവ്വം ആർജ്ജിച്ച സമ്പത്തിനെ ഉചിതമായി സംരക്ഷിക്കും. അതിനെ തീയ്, ജലം, കള്ളന്മാർ, ശാസകന്മാർ, അപ്രിയമായ അവകാശിമാർ അഥവാ അന്യ ആപത്തിൽ നിന്നും രക്ഷപ്പെടുത്തി ആ സമ്പത്തുകൊണ്ട് സ്വയത്തെ ഭിന്ന–ഭിന്നമായ ആപത്തിൽ നിന്ന് രക്ഷിക്കും. ആത്മ സംരക്ഷണം ചെയ്യും, ആത്മമംഗളം സാധിച്ചെടുക്കും. പ്രാപ്തമായ സമൃദ്ധി–സൌകര്യങ്ങളുടെ ശരിയായ (സമ്യക്) പരിഭോഗം ചെയ്യേണ്ട പ്രവർത്തിരംഗത്ത് ഇത് അവരുടെ രണ്ടാമത്തെ കർതവ്യമാണ് – അതിനെ അവർ പുർത്തിയാക്കുന്നു.

3- ആര്യ ശിഷ്യൻ ശ്രമപൂർവ്വം, ധർമ്മപൂർവ്വം ആർജ്ജിച്ച ധനം കൊണ്ട് പഞ്ചബലി-കർമ്മം ചെയ്യുന്നു. അഞ്ച് ഉചിതമായ പ്രവർത്തിരംഗത്ത് ദാനം കൊടുക്കുന്നു.

1. ജ്ഞാതി-ബലി-കർമ്മം....അതായത് തൻറെ കുടുമ്പാങ്കങ്ങളെ സന്തോഷവും, പ്രസന്നമായും വെക്കാൻ സാമർത്ഥ്യ മനുസരിച്ച് കൊടുക്കുന്നു.
2. അഥിതി-ബലി-കർമ്മം....അതായത് വീട്ടിൽ വന്ന അഥിതിമാരെ സന്തോഷവും, പ്രസന്നമായും വെക്കാൻ സാമർത്ഥ്യമനുസരിച്ച് കൊടുക്കുന്നു.
3. പൂർവ്വപേത്ര-ബലി-കർമ്മം...അതായത് തൻറെ പൂർവ്വീകരുടെ പുണ്യത്തിനായി സാമർത്ഥ്യമനുസരിച്ച് ദാനം ചെയ്യുന്നു.
4. രാജ്-ബലി-കർമ്മം....അതായ്ത ശാസകനെ സന്തുഷ്ടനാക്കി വെക്കാൻ യഥോശക്തി ദാനം ചെയ്യുന്നു.
5. ദേവതാ-ബലി-കർമ്മം....അതായ്ത് കുല-ദേവതയുടെ ആദരവിനായി യഥോശക്തി ദാനം ചെയ്യുന്നു.

പ്രാപ്തമായ സമൃദ്ധ-സൌകര്യങ്ങളുടെ ശരിയായ പ്രവർത്തിരംഗത്ത് ഉപയോഗിക്കിക. ഇത് അവരുടെ മൂന്നാമ്മത്തെ കർതവ്യമാണ് – അതിനെ അവർ പൂർത്തിയാക്കുന്നു.

4- ആര്യ ശിഷ്യൻ ശ്രമപൂർവ്വം, ധർമ്മപൂർവ്വം ആർജ്ജിച്ച ധനം ആ ശ്രമണ-ബ്രാഹ്മണർക്കുവേണ്ടി ദാനം ചെയ്യുന്നു- അവർ പ്രമാദത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്ന ക്ഷമാശീലരാണ്, സദാചാരി യാണ്, തന്നെ നിയന്ത്രിച്ച് ശമനം ചെയ്യുന്നു, തന്നെ സർവ്വഥാ വിമുക്തമാക്കുന്നു. ഈ സത്പുരുഷന്മാർക്കുവേണ്ടി വഹിച്ച ദാനം അവരുടെ മംഗളത്തിൻറെ കാരണമാകുന്നു. പ്രാപ്തമായ സമൃദ്ധി-സൌകര്യങ്ങളുടെ സമ്യക്(ശരിയായ) പരിഭോഗത്തിൻറെ പ്രവർത്തിരംഗത്ത് ഇത് അവരുടെ സാലാമ്മത്തെ കർതവ്യമാണ് – അതിനെ അവർ പൂർത്തിയാക്കുന്നു.

ഏത് സദ്ഗൃഹസ്ഥൻ ധർമ്മപൂർവ്വം, ശ്രമപൂർവ്വം ആർജ്ജിച്ച ധനത്തെ ഈ നാലു പ്രകാരത്തിൽ ശരിയായ(സമ്യക്) പരിഭോഗം ചെയ്യുന്നുവൊ അവർക്കായി ഇതു പറയാറുണ്ട് – അവരുടെ സമ്പത്തിൻറെ സദുപയോഗം ചെയ്തു എന്ന്. സമ്പത്തി-സമൃദ്ധി കാലാവസരത്തിൻറെ ശരിയായി-ഉചിതമായി ലാഭം നേടീ എന്ന് പറയാം. അതിനെ പുണ്യത്തിൽ ഏർപ്പെടുത്തി. ഉചിതമായി, അർഹിക്കുന്നവർക്കായി ഉചിത-വിധിയിൽ ധനത്തിനെ ചിലവഴിച്ചു. പക്ഷെ ഈ നാലു കൂടാതെ അന്യ പ്രകാരത്തിലുള്ള ചിലവ് ചെയ്യുന്നുണ്ടെങ്കിൽ ഇതെ പറയൂ – അവർ അവരുടെ ആർജ്ജിച്ച ധനത്തിനെ അനുചിതമായ പ്രവർത്തി രംഗത്ത് ചിലവഴിച്ചു, അനുചിതമായ അർഹിക്കാത്ത വർക്കായി അനുചിതമായ വിധിയിൽ ധനം നഷ്ടപ്പെടുത്തുക തന്നേ ചെയ്തു.

ഗൃഹീ സാധകരെ! ധർമ്മപൂർവ്വം, ശ്രമപൂർവ്വം സമ്പത്ത് ആർജ്ജിച്ച് അതിനെ ധർമ്മപൂർവ്വം, ഉചിതമായി സദുപയോഗം മാത്രം ചെയ്യുക. അനുചിതമായി ദുരുപയോഗം ചെയ്യരുത്. ഇതുകൊണ്ടു മാത്രമെ സദ്ഗൃഹസ്ഥൻറെ ഇഹലോകവും, പരലോകവും മെച്ചപ്പെടുകയുള്ളു, സുഖദമാവുകയുള്ളു, മംഗളകരമാവുകയുള്ളു. അങ്ങിനെ തൻറെ ശരിയായ സുഖം നേടുക, ശരിയായ മംഗളം സാധിച്ചെടുക്കുക.

## മൃത്യഞ്ജയീ

മൃത്യഞ്ജയീ എന്ന ശബ്ദത്തിൻറെ അർത്ഥം ഭ്രാമകമാണ്. "മൃത്യുവിൻമേൽ വിജയം". മരണം ഉണ്ടാകില്ല – ഇത് ഒട്ടും സംഭാവ്യമല്ല. നമ്മുടെ മനസ്സിൽ (മൃത്യു സമയത്ത് ശാരീരിക പീഢയും, മാനസികമായ സന്താപവും ഉണ്ടാവാമെന്ന്) ഭീഷണിപ്പിക്കുന്ന മരണ-ഭയം അടങ്ങിയിരുപ്പുണ്ട്. അമരമായിരിക്കാനുള്ള ലോഭത്തിൻറെ കാരണം ഈ ഭയത്തിന്ന് ഒഴിവു ലഭിക്കാൻ വേണ്ടിയാണ്.

മൃത്യുവിൻമേൽ വിജയം — ഇതിൻറെ അർത്ഥം ...ജന്മമാകാതിരിക്കുക എന്നാണ്. ജന്മം എടുത്ത് ജീവിതപ്രവാഹം ഒഴുകിത്തുടങ്ങി. അപ്പോൾ മൃത്യു തീർച്ചയായും സംഭവിച്ചിരിക്കും. അതിൽ നിന്ന് രക്ഷപ്പെടാൻ ഒരു മാർഗ്ഗവുമില്ല. ഇതൊരു ഒഴുവാക്കാൻ പറ്റാത്ത ധർമ്മ നിയമമാണ്. ഘോരമായ സത്യമാണ്. പക്ഷെ ജന്മം എടുക്കുന്നത് നിറുത്തലായാൽ താനെ മൃത്യുവിൽ നിന്ന് ഒഴിവ് ലഭിക്കും. ഇതു തന്നേയാണ് നിർവ്വാണം, മുക്തി, മോക്ഷം. വിപശ്യന ധ്യാന വിധിയുടെ അന്തിമമായ ഉദ്ധേശ്യം ഇതു തന്നേയാണ്. ഇതു തന്നേയാണ് അന്തിമമായ ലക്ഷ്യം. ഈ ലക്ഷ്യത്തേക്ക് പുരോഗമിക്കുമ്പോൾ - നമ്മളുടെ വികാസത്തിൻറെ ഒരു മാന-ദണ്ഡം - നമ്മളുടെ മൃത്യ-ക്ഷണത്തിലെ അവസ്ഥയാണ്. ആ സമയം പ്രാണൻ കരഞ്ഞും-അലറിയും, പേടിച്ചരണ്ടും, ഉറക്കം-ബോധമില്ലായ്മയിലും അഥവാ മോഹ-മൂർച്ഛയിലും പോയാൽ അടുത്ത ജന്മവും,

അതിനോടു ചേർന്ന മൃത്യുവും നിശ്ചിതമാണ്. ആ അവസ്ഥയിൽ ഇതും നിശ്ചിതമാണ് – പുതിയ ജന്മം വല്ല അധോഗതിയിലെ, അതായത് വീണ്ടും താഴ്ന്ന യോനികളിൽ സംഭവിക്കും – ഏതിൽ നിന്ന് വീണ്ടും മനുഷ്യ യോനിയിൽ വരുന്നത് അത്യന്തം ദുർലഭമാണ്. പക്ഷെ ജാഗൃതാവസ്ഥയിൽ ബോധമുള്ള അവസ്ഥയിൽ ശരീരം വിട്ടാൽ, അതായത് ഉദയ-വ്യയമുള്ള അനിത്യ സ്വഭാവത്തെ അറിഞ്ഞ് നിർഭയവും ശാന്ത മനസ്സോടേയും ശരീരം വിട്ടാൽ സദ്ഗതി ആവുകതന്നേ ചെയ്യും. എന്നാൽ പൂർണ്ണ അനാസക്തനായ അവസ്ഥയിൽ ദേഹം തെജിച്ചാൽ നിശ്ചിതമായും മൃത്യുഞ്ജയി ആയിത്തീരും.

ഇത്തരം മൃത്യുവിനെ മരണത്തിൻറെ കല എന്ന് വിശേഷിപ്പിക്കാം. ജീവിക്കാനുള്ള കല അറിഞ്ഞാലെ ഈ മരണത്തിൻറെ കല അറിയാൻ സാധിക്കൂ. ഈ ജീവിതകലക്കുവേണ്ടി തന്നേയാണ് സംവേദനയുടെ ആധാരത്തിൽ വിപശ്യനയുടെ ദൈനിക അഭ്യാസം ചെയ്യുന്നത് – ഏതിൻറെ ബലത്തിൽ അനിത്യതയുടെ ബോധം ദിനോ-ദിനം സ്പഷ്ടമായിക്കൊണ്ടേപോകും. ഇത് മൃത്യു സമയത്ത് ചൈതണ്യ പ്രവാഹത്തെ ജാഗൃതനാക്കി, സത്യാനുഭൂതിയാൽ സാധകനെ നിർഭയവും, ശോക-രഹിതനും ആക്കിത്തീർക്കുക തന്നേ ചെയ്യും. ഈ കാര്യത്തിൻറെ പ്രമാണം ഇതേവരെ അനേകം മൃത്യുപ്രാപ്തമായ സാധകരിൽ സ്പഷ്ടമായി കണ്ടെത്തിയിട്ടുണ്ട്. ഇങ്ങനെ ജാഗരൂകരായി ദേഹം തെജിക്കുന്ന സാധകരുടെ വിവരണ-ലേഖനങ്ങൾ സമയാസമയം പത്രികയിൽ പ്രകാശിപ്പിക്കുന്നതിൻറെ ഉദ്ധേശം, സാധകരിൽ ധ്യാനത്തിനോട് പ്രേരണ തേന്നാൻ വേണ്ടി മാത്രമാണ്. അതു മൂലം അഭ്യാസത്തിൻറെ നിരന്തരത നിലനിറുത്തിക്കൊണ്ട് സാധകർ ശരിയായ അർഥത്തിൽ മൃത്യുഞ്ജയി ആകട്ടെ.

ഇതെ പ്രസംഗത്തിൽ ഒരു വാർത്ത- രാധോഗഞ്ജ പ്രതാപ്ഗഢ(യൂ.പി) യിലെ ശ്രീ ജീത് ലാൽ ഗുപ്ത എഴുതി അയച്ചിട്ടുണ്ട്.... എൻറെ പിതാവ്, ഭിക്ഷു ഉപാലീജിയുടെ മരണം 17.7.80 ഞായറാഴ്ചക്ക് പ്രാതകാലം 4 മണിക്ക് ഒരു കഷ്ടവും കൂടാതെ കസേറയിൽ ഇരുന്നുകൊണ്ട്, സംസാരിക്കുന്ന ഇടയിൽ സംഭവിച്ചു. മരണത്തിനു ശേഷം അവരുടെ മുഖ-സ്വരൂപം, കാന്തി – കാണാൻ യോഗ്യമായിരുന്നു. സാധകൻറെ നല്ല മുണത്തിൻറെ ഇത് പ്രത്യക്ഷമായ പ്രമാണമാണ്.

ഭിക്ഷു ഉപാലീജി 1969ൽ സാർനാഥിൽ (ബനാരസ്), ഭാരത്തിൽ നടന്ന നാലാമ്മത്തെ ശിബിരത്തിൽ പങ്കെടുത്തിരുന്നു. അതിനു ശേഷം കുറച്ചു അന്യ ശിബിരങ്ങളിലും പങ്കെടുത്ത് അഭ്യാസത്തിൻറെ നിരന്തരത നില നിറുത്തി. അവരിൽ നിന്ന് പ്രേരണ യെടുത്ത് അനേകം ഗൃഹസ്ഥരും, ഭിക്ഷുമാരും ശിബിരത്തിൽ പങ്കെടുത്ത് ലാഭം നേടിയിട്ടുണ്ട്.

ഇങ്ങനെ പരസേവയും, ആത്മസേവയും ചെയ്തുകൊണ്ട് അവർ അവരുടെ മനുഷ്യജന്മത്തെ (സാർഥകം)സഫലമാക്കി.